# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3924** 15.03.2017-ൽ മറുപടിക്ക്

## വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.തോമസ് ചാണ്ടി: | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികൾ (RAPDRP, DDUGJY, IPDS തുടങ്ങിയവ), സംസ്ഥാന സർക്കാരിന്റെ കേരള പവർ ഇംപ്രൂവ് മെൻറ് സ്കീം (KPIS) പദ്ധതി, മറ്റ് ഏജൻസികൾ എസ്റ്റിമേറ്റ് തുക ഒടുക്കുന്നവ , ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള വാർഷിക പദ്ധതി എന്നിവയിലൂടെയാണ് വൈദ്യുത വിതരണം സുഗമവും കാര്യക്ഷമവുമാക്കാൻ ഉദ്ദേശിക്കുന്നത്. 11 കെ വി ലൈൻ നിർമ്മാണം, എൽ റ്റി ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, കൂടുതൽ ശേഷിയുള്ള കമ്പികൾ ഉപയോഗിച്ച് ശൃംഖല ശക്തിപ്പെടുത്തുക (റീ കണ്ടക്ടറിംഗ്), സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ എന്നീ പ്രവൃത്തികളാണ് ടി പദ്ധതികൾ വഴി നടപ്പിലാക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ വിതരണ മേഖലയിൽ 4,00,000 ത്തോളം പുതിയ വൈദ്യുതി കണക്ഷനുകൾ നല്കാനും 3050 കിലോമീറ്റർ 11 കെ.വി ലൈൻ, 3500 കിലോമീറ്റർ എൽ. റ്റി. ലൈൻ എന്നിവ നിർമ്മിക്കുവാനും 3300 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും 2900 കിലോമീറ്റർ സിംഗിൾ ഫേസ് ത്രീ ഫേസ് ലൈൻ ആക്കി മാറ്റുവാനും വാനും, 1250 കിലോമീറ്റർ 11 കെ.വി ലൈനിന്റെയും 10000 കിലോമീറ്റർ എൽ. റ്റി ലൈനിന്റെയും ശേഷി വർദ്ധിപ്പിക്കാനും 4.61 ലക്ഷം കേടായ മീറ്ററുകൾ മാറ്റി |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ വഴി വിതരണ മേഖലയിലെ വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, ഗ്രാമീണ മേഖലയ്ക്ക് ഊന്നൽ നൽകി കൂടുതൽ വൈദ്യുതി കണക്ഷനുകൾ നൽകുക എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിതരണ നഷ്ടം കുറയ്ക്കുന്നതിനായി ലൈനിൽ വേണ്ട അറ്റകുറ്റപ്പണികൾ നടത്തുക, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക എന്നീ നടപടികളും സ്വീകരിച്ചു വരുന്നു. അപകട സാധ്യതയുള്ള സ്ഥലങ്ങളിലും മരച്ചില്ലകളും മറ്റും കൂടുതലായുള്ള സ്ഥലങ്ങളിലും ആവശ്യമെങ്കിൽ ABC / ഭൂഗർഭ കേബിൾ പോലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി സമ്പൂർണ വൈദ്യുതീകരണ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | മസ്ദൂർ ലൈൻമാൻമാരുടെ ഒഴിവുകൾ യഥാസമയം നികത്തി മെച്ചപ്പെട്ട സേവനം നൽകുന്നതിനു നടപടികൾ സ്വീകരിക്കുമോ? | (ബി) | നടപടി സ്വീകരിച്ചു വരുന്നു. |

*[signature]*

**സെക്ഷൻ ഓഫീസർ**